# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 10-08-2013

## വിദ്യാലയങ്ങൾ പട്ടാളക്യാമ്പുകളാക്കിയതിൽ പ്രതിഷേധിക്കുക

**കെ.എസ്.ടി.എ**

തലസ്ഥാനത്തെ മുഴുവൻ സർക്കാർ വിദ്യാലയങ്ങളും പോലീസ്, അർദ്ധസൈനിക വിഭാഗങ്ങൾക്കായി ഏറ്റെടുത്ത സർക്കാർ നടപടിയിൽ കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി പ്രതിഷേധം രേഖപ്പെടുത്തി. തുടർച്ചയായ അഞ്ചുദിവസത്തെ അവധിക്കഴിഞ്ഞ് തിങ്കളാഴ്ച വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാനിരിക്കെയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഇത്തരത്തിലൊരു നടപടി. വ്യക്തമായ ഉത്തരവോ നപടികളോ സ്ഥിരീകരിക്കാതെ പോലീസ് ഓഫീസർമാർ നേരിട്ട് സ്കൂളുകളുടെ താക്കോൽ നൽകാൻ ആവശ്യപ്പെടുകയാണുായത്. വിദ്യാലയങ്ങളിൽ വിവിധ ഏജൻസികളുടെയും നാട്ടുകാരുടെയും സഹായത്തോടെ കമ്പ്യൂട്ടർ അടക്കമുള്ള വിവിധ ഉപകരണങ്ങൾ ധാരാളമുള്ള സ്കൂളുകൾ ഉത്തരവാദിത്വത്തോടെ ആരുകൈകാര്യം ചെയ്യും എന്ന ചോദ്യത്തിന് ഇതുവരെയും ബന്ധപ്പെട്ടവർക്ക് ഉത്തരം നൽകാൻ കഴിഞ്ഞിട്ടില്ല. ആരുടെ ചുമതലയിലാണ് സ്കൂൾ ഏറ്റെടുത്തതെന്ന് രേഖാമൂലം നൽകാൻ തയ്യാറായിട്ടില്ല.

മണക്കാട് ഗേൾസ് ഹയർസെക്കന്ററി സ്കൂൾ ഉൾപ്പെടെയുള്ള വിദ്യാലയങ്ങൾ സെക്രട്ടറിയേറ്റ് പരിസരത്തുനിന്നും കിലോമീറ്ററുകൾ അകലെയുള്ളവയാണ്. അനിശ്ചിതകാലത്തേയ്ക്ക് വിദ്യാലയങ്ങളുടെ പഠനം തടസ്സപ്പെടും എന്നുമാത്രമല്ല പട്ടാളക്കാർ ഒഴിഞ്ഞുപോയാലും തുടർന്ന് പഠനം നടത്താൻ കഴിയാത്തവിധമായിരിക്കും എത്തിച്ചേരുക. വിദ്യാർത്ഥികൾക്ക് മഴക്കെടുതിമൂലവും മറ്റുകാരണങ്ങളാലും അനവധി പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെടുകയും ചെയ്ത ഈ അക്കാദമിക വർഷത്തെ ഈ പ്രവർത്തിദിവസങ്ങളുടെ നഷ്ടത്തിന് ഉത്തരവാദി സർക്കാരാണെന്നും സംഘടന ആരോപിച്ചു. ഗവ.മോഡൽ ബി.എച്ച്.എസ് തൈക്കാട്, എസ്.എം.വി.മോഡൽ എച്ച്.എസ്.എസ് തുടങ്ങി നഗരത്തിലെ ചെറുതും വലുതുമായ വിദ്യാലയങ്ങളെ അനാഥമാക്കുന്ന സർക്കാർ നടപടി പുനഃപരിശോധിക്കാൻ തയ്യാറായില്ലെങ്കിൽ രക്ഷിതാക്കളുമായി ചേർന്ന് സമരപരിപാടികൾ ആരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ പ്രസ്താവനയിലൂടെ വ്യക്തമാക്കി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി